പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XII

(SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും

(HEALTH AND FAMILY WELFARE)

പീരിയോഡിക്കൽ റിപ്പോർട്ട്

(2025 മാർച്ച് 31 വരെയുള്ളത്)

PERIODICAL REPORT AS ON 31st March 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 7-ാം തീയതി സമർപ്പിച്ചത്.

(Presented on 7th October 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XII

(SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും

(HEALTH AND FAMILY WELFARE)

പീരിയോഡിക്കൽ റിപ്പോർട്ട്

(2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st March 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

സബ്ജക്ട് കമ്മിറ്റി XII

ആരോഗ്യവും കുടുംബക്ഷേമവും
(2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീമതി വീണാ ജോർജ്,
ആരോഗ്യ - വനിത-ശിശുവികസന വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ കൃഷ്ണ കുമാർ , സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് , കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, പതിനഞ്ചാം കേരള നിയമസഭയുടെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2023 ഡിസംബർ 7-ന് രൂപീകൃതമായി. സമിതിയിൽ 10 അംഗങ്ങളാണുള്ളത്.

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 29.05.2024, 01.07.2024, 25.09.2024, 10.10..2024, 18.02.2025, 25.02.2025 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. മേൽ പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 63.33% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ , രണ്ടാം അധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ , മൂന്നാം അധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെയും എസ് .ആർ.ഒ.കളുടെയും വിശദാംശങ്ങൾ, നാലാം അധ്യായത്തിൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, അഞ്ചാം അധ്യായത്തിൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്ത റിപ്പോർട്ടുകളുടെ വിവരങ്ങൾ , ആറാം അധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു . സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025 ......6.......-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2025 ഒക്ടോബർ 7

വീണാ ജോർജ് ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി XII.

# റിപ്പോർട്ട്

## അധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1 2024 2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 മാർച്ച് 6-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2024 ജൂലൈ 1-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2024 ജൂലൈ 1-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ(രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2024 ഒക്ടോബർ 10-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2024 ഒക്ടോബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 ഫെബ്രുവരി 25-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലിന്റെ വിശദാംശങ്ങൾ

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ 2024 ഒക്ടോബർ 10-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഭേദഗതികൾ ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

ഈകാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ചട്ടങ്ങൾ/ എസ്.ആർ.ഒ.കൾ ഒന്നും ലഭ്യമായിട്ടില്ല.

## അദ്ധ്യായം IV

## നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

1. 'ഭക്ഷ്യവസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ' എന്ന പ്രത്യേക വിഷയം സംബന്ധിച്ച് 2024 മെയ് മാസം 29-ാം തീയതി ചേർന്ന സമിതി യോഗം ചർച്ച നടത്തി.
2. 'സുരക്ഷിതമായ രക്തബാങ്കിംഗ് സംവിധാനം' എന്ന പ്രത്യേക വിഷയം സംബന്ധിച്ച് 2024 സെപ്റ്റംബർ 25-ാം തീയതി ചേർന്ന സമിതിയോഗം ചർച്ച നടത്തി.

## അധ്യായം V

## നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(i) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.07/സബ്.സി.എഫ്2/2019/ലെജി)

(ii) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ആയുഷ് വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.895/സബ്.സി.എഫ്2/2023/നി.സെ.)

(iii) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ആയുഷ് വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം.948/സബ്.സി.എഫ്2/2024/നി.സെ.)

## അധ്യായം VI

**(a) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

റിപ്പോർട്ടിൽ ആകെ 109 ശിപാർശകളാണുള്ളത് ആയതിൽ മറുപടി ലഭിക്കാനുള്ളവ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | ശിപാർശ 8 |

b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 3627/സബ്.സി.എഫ്.2/2019/നി.സെ.)

ശിപാർശ

2210-06-101-53 - പാവപ്പെട്ടവർക്ക വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം: 5.50 കോടി രൂപ (പ്ലാൻ)

പാവപ്പെട്ട രോഗികൾക്ക് ചികിത്സാസഹായം നൽകുന്ന സൊസൈറ്റിയിൽ ഡിസംബർ വരെ ലഭ്യമായ 1508 അപേക്ഷകർക്ക് ധനസഹായം നൽകുവാനുള്ളതിനാൽ വൈദ്യസഹായം നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.പി3/235/2023/ആ.ക.വ. തീയതി 28.05.2024)

ശിപാർശ

2210-01-110-85-05-1-മാനസിക ആരോഗ്യകേന്ദ്രം, തിരുവനന്തപുരം-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം: 30 ലക്ഷം രൂപ (നോൺപ്ലാൻ)

തിരുവനന്തപുരം മാനസിക ആരോഗ്യകേന്ദ്രത്തിലെ വെള്ളത്തിന്റെ ചാർജ്ജിനത്തിൽ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50.25 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

**ശിപാർശ**

2210-01-110-99-ആശുപത്രികളും ഡിസ്പെൻസറികളും

ബഡ്ജറ്റ് വിഹിതം:

06-വാടക, കരം, നികുതി: ഇല്ല (നോൺപ്ലാൻ)

05-2-ഓഫീസ്ചെലവുകൾ-വൈദ്യുതി, കരം : 50 ലക്ഷം (നോൺപ്ലാൻ)

വാടക, കരം, നികുതി ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം തുക അനുവദിക്കാത്തതിനാലും ആരോഗ്യ സ്ഥാപനങ്ങളുടെ നികുതിയിനത്തിൽ കുടിശ്ശിക ഒടുക്കുന്നതിനും വർദ്ധിച്ചു വരുന്ന വൈദ്യുതചാർജ് ഒടുക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2210-01-110-99-06 എന്ന ശീർഷകത്തിൽ 22 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 9 കോടി രൂപയും ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

<u>ശിപാർശ</u>

2210-01-196-50-റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം: 99.22 ലക്ഷം രൂപ (നോൺ പ്ലാൻ)

റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ് ഇനത്തിൽ ജില്ലാപഞ്ചായത്തുകൾക്കുള്ള ധനസഹായമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

<u>ശിപാർശ</u>

2210-03-103-91- <u>പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകം</u>

ബഡ്ജറ്റ് വിഹിതം:

-04-1 – യാത്രാബത്ത : 1000/- രൂപ (നോൺപ്ലാൻ)

-05-4 – മറ്റിനങ്ങൾ : 1000/- രൂപ (നോൺപ്ലാൻ)

-05-3 – ടെലഫോൺ ചാർജ് : 1000/- രൂപ (നോൺപ്ലാൻ)

-21-2 – മോട്ടോർവാഹനങ്ങൾ

അറ്റകുറ്റപ്പണി : 1000/- രൂപ (നോൺപ്ലാൻ)

-45- – ഇന്ധനം : 1000/- രൂപ (നോൺപ്ലാൻ)

വയനാട് ജില്ലയ്ക്ക് മാത്രമായി വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ മലപ്പുറം ജില്ല കൂടി ഉൾപ്പെടുന്നതിനാൽ വയനാട് , മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകത്തിന്റെ ടെലഫോൺ ചാർജ്, യാത്രബത്ത, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധനം, മറ്റിനങ്ങൾ എന്നിവയ്ക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-91-04-1 - 4.6 ലക്ഷം രൂപ

2210-03-103-91-05-4 - 50,000/- രൂപ

2210-03-103-91-05-3 - 40,000/- രൂപ

2210-03-103-91-21-2- 1.3 ലക്ഷം രൂപ

2210-03-103-91-45 - 10.10 ലക്ഷം രൂപ

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.ക.വ. തീയതി 22.12.2022)

## ശിപാർശ

2210-03-110-99- ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ/ജില്ല/
താലൂക്ക് ആശുപത്രികൾ ഒഴികെ

ബഡ്ജറ്റ് വിഹിതം:

34-2 – മറ്റ് ചെലവുകൾ-വൈദ്യുതി ചെലവ് : 10,000/- രൂപ (നോൺപ്ലാൻ)

06 – വാടക, കരം, നികുതി : 10,000/- രൂപ (നോൺപ്ലാൻ)

24 – സാധനസാമഗ്രികൾ : 1.452 കോടി രൂപ (നോൺപ്ലാൻ)

വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതി ചെലവുകൾക്കും വാടക, കരം നികുതി എന്നിവ ഒടുക്കുന്നതിനും സാധന സാമഗ്രികൾക്കും നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99-34-2 - 42.89 ലക്ഷം രൂപ

2210-03-110-99-06 - 51,000/- രൂപ

2210-03-110-99-24 - 58.63 ലക്ഷം രൂപ

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

ശിപാർശ

2210-05-105-74-12-ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും
നേഴ്സുമാരുടെയും പരിശീലനം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം: 1.05 കോടി രൂപ (നോൺപ്ലാൻ)

ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനത്തിന് സ്കോളർഷിപ്പും സ്റ്റൈപന്റും ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുന :വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

**<u>ശിപാർശ</u>**

2210-06-003-94- <u>കൊല്ലത്തുള്ള ശാസ്താംകോട്ടയിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു നേഴ്സിംഗ് സ്കൂൾ</u>

ബഡ്ജറ്റ് വിഹിതം:

01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് : 10,000/- രൂപ (നോൺപ്ലാൻ)

05-2 – വൈദ്യുതി ചെലവ് : 55,000/- രൂപ (നോൺപ്ലാൻ)

കൊല്ലം ശാസ്താംകോട്ടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ ഓഫ് നേഴ്സിംഗിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ചെലവുകൾക്കും മെഡിക്കൽ റീഇംബേഴ്സ്മെന്റിനും നടപ്പ് സാമ്പത്തിവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-06-003-94-01-4 എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 2210-06-003-94-05-2 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

<u>ശിപാർശ</u>

2210-06-003-97- <u>വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം</u>

ബഡ്ജറ്റ് വിഹിതം:

01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് : 25.2 ലക്ഷം രൂപ (നോൺപ്ലാൻ)

05-1 –വെള്ളക്കരം : 1.15 ലക്ഷം രൂപ (നോൺപ്ലാൻ)

വെള്ളക്കരം, വിവിധോദ്ദേശ ജോലിക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനങ്ങളിൽ കഴിഞ്ഞ വർഷത്തെ ബില്ലുകൾ മാറുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 2210-06-003-97-01-4 ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-06-003-97-05-1 ശീർഷകത്തിൽ 9 ലക്ഷം രൂപയും ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

<u>ശിപാർശ</u>

2210-06-101-97-<u>മന്തുരോഗ നിവാരണം</u>

05-3-<u>ടെലഫോൺ ചെലവ്</u>

ബഡ്ജറ്റ് വിഹിതം: 16,000/- രൂപ (നോൺപ്ലാൻ)

ടെലഫോൺ ചാർജ്ജിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,000/- രൂപ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക തുകയായി 17,000/- രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

**ശിപാർശ**

2210-06-101-98-(04-1) - മലമ്പനി നിർമ്മാർജ്ജനം-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം: 2.1 ലക്ഷം രൂപ (നോൺപ്ലാൻ)

മലമ്പനി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ യാത്രാബത്ത ഇനത്തിൽ മുൻ വർഷത്തെ പെൻഡിംഗ് ബില്ലുകൾ നൽകുവാനുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

**ശിപാർശ**

2210-06-107-99-05-2 പൊതുജനാരോഗ്യ പരീക്ഷണശാലകൾ -വൈദ്യുതി

ചെലവ്

ബഡ്ജറ്റ് വിഹിതം: 16.5 ലക്ഷം രൂപ (നോൺപ്ലാൻ)

എല്ലാ പൊതുജനാരോഗ്യ പരീക്ഷണശാലകളിലെയും വൈദ്യുതി ചെലവിനത്തിലുള്ള കുടിശ്ശിക തീർക്കുവാൻ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുകയായി 7,00,000/- രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

ഭക്ഷ്യസുരക്ഷാ വകുപ്പ്

ശിപാർശ

2210-06-102-99-05-4 ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ -ഓഫീസ്

ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം: 40 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട 14 ജില്ലാ ഓഫീസുകളും 140 സർക്കിൾ ഓഫീസുകളും ലൈസൻസിംഗ്/രജിസ്ട്രേഷൻ ജോലികളുമായി ബന്ധപ്പെട്ട് ആധുനിക സൗകര്യങ്ങളോടുകൂടി പ്രവർത്തനക്ഷമമാക്കുന്നതിനും ജില്ലാ ഓഫീസുകളിലും 3 മൊബൈൽ വിജിലൻസ് സ്ക്വാഡുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനും കൂടാതെ പരിശോധനാസാമ്പിളുകൾക്കുള്ള ഫീസ്

നൽകുന്നതിനും നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

**സർക്കാർ സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.പി3/235/2023/ആ.കു.വ. തീയതി 28.05.2024)

**ശിപാർശ**

2210-06-102-99-97 - ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ -വാഹന വാടക

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഇടപെടൽ അത്യാവശ്യമായിവരുന്ന ഭക്ഷ്യോല്പാദന സംഭരണവിതരണ സ്ഥാപനങ്ങൾ, ഭക്ഷ്യശാലകൾ, ചെക്കുപോസ്റ്റുകൾ എന്നിവയുടെ പരിശോധനയ്ക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കും തീർത്ഥാടനകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വാഹനങ്ങൾ അത്യന്താപേക്ഷിതമാണ്. നടപ്പു സാമ്പത്തികവർഷം വാഹനവാടകയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സർക്കാർ സ്വീകരിച്ച നടപടി**

G.O.(Rt)No.462/2020/Fin dated 17.1.2020 സർക്കാർ ഉത്തരവ് പ്രകാരം ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ മൊത്തം 12 ലക്ഷം രൂപ ധന:പുനവിനിയോഗം മുഖന അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

(സർക്കാർ കത്ത് നം.പി3/235/2023/ആ.കു.വ. തീയതി 28.05.2024)

## നാഷണൽ ഹെൽത്ത് മിഷൻ

### ശിപാർശ

2210-06-101-19 - ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

ബഡ്ജറ്റ് വിഹിതം : 537.50 കോടി രൂപ (പ്ലാൻ)

2019-20 സാമ്പത്തികവർഷം 773.82 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 537.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 236.32 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

### സർക്കാർ സ്വീകരിച്ച നടപടി

2019-2020 സാമ്പത്തിക വർഷ ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ അധികമായി 59.998 കോടി രൂപ അനുവദിച്ചു (ആകെ അനുവദിച്ചത് 597.498 കോടി രൂപ) ബാക്കി ആവശ്യമായ തുകയായ 193.68 കോടി രൂപ 2020-2021 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.പി3/235/2023/ആ.കു.വ. തീയതി 28.05.2024)

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

ശിപാർശ

2210-05-001-93 - മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

35 -മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 -സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - 20 കോടി രൂപ (പ്ലാൻ)

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ വിവധ പദ്ധതികളുടെ പൂർത്തീകരണത്തിന് നടപ്പ സാമ്പത്തികവർഷം വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.പി3/235/2023/ആ.കു.വ. തീയതി 28.05.2024)

ശിപാർശ

2210-05-105-52- പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം - സഹായധനം

31 -ശമ്പളം

ബഡ്ജറ്റ് വിഹിതം - 40.2608 കോടി രൂപ (നോൺ പ്ലാൻ)

36 -ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - 22.4818 കോടി രൂപ (നോൺ പ്ലാൻ)

ആർ.സി.സി.യിലെ ജീവനക്കാർക്ക് കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളേതര ചെലവുകൾക്കും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു . ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-05-105-52-31 എന്ന ശീർഷകത്തിൽ 33.14 കോടി രൂപയും ആർ.സി.സി നടപ്പിലാക്കിയ പെൻഷൻ പദ്ധതിയുടെ തൊഴിലുടമ വിഹിതമായി പെൻഷൻ കോർപ്പസ് ഫണ്ടിൽ അടയ്ക്കുന്നതിനായി 2210-05-105-52-36 എന്ന ശീർഷകത്തിൽ 5.37 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സർക്കാർ സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ (രണ്ടാമത്തെ ബാച്ച് SDG : ഒക്ടോബർ 2019) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി ആവശ്യപ്പെട്ടിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കാരണം തുക അനുവദിച്ച് നൽകുന്നതിന് കഴിഞ്ഞില്ല.

(സർക്കാർ കത്ത് നം.FW2/704/2019/Health Dated 28.05.2024)

## ശിപാർശ

2210-05-200-96- മലബാർ ക്യാൻസർ സെന്ററിനു സഹായം

31-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം - 6.4415 കോടി രൂപ (നോൺ പ്ലാൻ)

2210-05-200-96-35- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം - 25 കോടി രൂപ (പ്ലാൻ)

2210-05-200-96-36- സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - 10 കോടി രൂപ (പ്ലാൻ)

5.5563 കോടി രൂപ (നോൺ പ്ലാൻ)

മലബാർ ക്യാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനായും മറ്റു ചെലവുകൾക്കും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 46.50 കോടി രൂപ പദ്ധതിയിനത്തിലും 2.3996 കോടി രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.പി3/235/2023/ആ.കു.വ. തീയതി 28.05.2024)

ശിപാർശ

2210-05-105-36- ജ്ഞാന ഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം - 2.4724 കോടി രൂപ (നോൺ പ്ലാൻ)

ഐക്കോൺസിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പുനരധിവാസത്തിനായി

വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെയും ചികിത്സയ്ക്കായി ഡോക്ടർമാരുടെയും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെയും സേവനങ്ങൾക്കായുള്ള മാനവശേഷി സമാഹരണത്തിന്റെ ചെലവിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുന:വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 3.1276 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സർക്കാർ സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതത്തെ കൂടാതെ ഈ ശീർഷകത്തിൽ 69 ലക്ഷം രൂപ G.O.(Rt)No.527/2020/H&FWD dated 07.03.2020 സർക്കാർ ഉത്തരവ് പ്രകാരം അധികധനാനുമതി ആയി 2019-2020 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.പി3/235/2023/ആ.കു.വ. തീയതി 28.05.2024)

**ശിപാർശ**

വോട്ട് ചെയ്തത് - 5,19,34,90,000 രൂപ
ചാർജ്ജ് ചെയ്തത് - 1,00,000 രൂപ

2211-00-101-95 സബ്സെന്ററുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

ബഡ്ജറ്റ് വിഹിതം : 300 കോടി രൂപ (പ്ലാൻ)

സബ് സെന്ററുകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

**സർക്കാർ സ്വീകരിച്ച നടപടി**

സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.FW2/704/2019/Health Dated 28.05.2024)

**ശിപാർശ**

2215-02-105-99-ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

21-2- മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപണിക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ പറഞ്ഞ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക തുകയായി 10,00,000/- രൂപ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നം.ഇ 2/392/2019/ആ.കു.വ. തീയതി 22.12.2022)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)**

**(ഫയൽ നം. 12924/സബ്.സി.എഫ്.2/2022/നി.സെ.)**

**ശിപാർശ**

12- <u>സ്കോളർഷിപ്പ് & സ്റ്റൈപ്പെൻഡ്</u> (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 275.1034 കോടി രൂപ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ House Surgeon/PG വിദ്യാർത്ഥികൾക്ക് stipend നൽകുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല. ആയതിനാൽ 2.1337 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി താഴെപ്പറയുന്ന ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-98-12 - 80 കോടി രൂപ
2210-05-105-97-12 - 56.935 കോടി രൂപ
2210-05-105-96-12 - 32 കോടി രൂപ
2210-05-105-95-12 - 23.27 കോടി രൂപ
2210-05-105-94-12 - 38 കോടി രൂപ
2210-05-105-93-12 - 5.9886 കോടി രൂപ
2210-05-105-92-12 - 7.663 കോടി രൂപ
2210-05-105-80-12 - 12.5 കോടി രൂപ
2210-05-105-48-12 - 1.56 കോടി രൂപ
2210-05-105-47-12 - 5.6672 കോടി രൂപ
2210-05-105-45-12 - 1.62 കോടി രൂപ
2210-05-105-34-12 - 6.85 കോടി രൂപ
2210-05-105-32-12 - 5.1833 കോടി രൂപ

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

| | |
|---|---|
| 2210-05-105-98-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-97-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-96-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക |

| | |
|---|---|
| | ആവശ്യമായി വന്നില്ല. |
| 2210-05-105-95-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-94-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-93-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-92-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-80-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-48-12 | സർക്കാർ ഉത്തരവ് (സാധാ) നം.923/2023/ധന തീയതി 07/02/2023 പ്രകാരം 25,93,000/- രൂപ അധിക ഫണ്ടായി അനുവദിച്ചു. |
| 2210-05-105-47-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-45-12 | സർക്കാർ ഉത്തരവ് (സാധാ) നം.6419/2022/ധന തീയതി 17/09/2022 പ്രകാരം 86,54,000/- രൂപ അധിക ഫണ്ടായി അനുവദിച്ചു. |
| 2210-05-105-34-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |
| 2210-05-105-32-12 | ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായി വന്നില്ല. |

(സർക്കാർ കത്ത് നം.K1/273/2022/Health Dated 23.01.2024)

**ശിപാർശ**

2210-06-102-99-05-2 - ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 6.30 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 6.20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

## സർക്കാർ സ്വീകരിച്ച നടപടി

2210-06-102-99-05-2 വൈദ്യുത ചെലവ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O. (Rt)No.8809/2022/Fin dated 26/12/2022 പ്രകാരം 6.10 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

കൂടാതെ 27/03/2023 തീയതിയിലെ G.O.(Rt.No.2673/2023/Fin നമ്പർ ഉത്തരവ് പ്രകാരം ധനപുന:വിനിയോഗം മുഖേനെ 2.48 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ആകെ അധികമായി അനുവദിച്ച തുക - 8.58 ലക്ഷം

(സർക്കാർ കത്ത് നം.E1/594/2022-Health Dated 28.05.2024)

## ശിപാർശ

2210-06-102-99 - ഭക്ഷ്യകാര്യഭരണം
ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-102-99-06 -വാടക, കരം, നികുതി- 10 ലക്ഷം രൂപ

2210-06-102-99-34-3 - മറ്റു ചെലവുകൾ-മറ്റിനം- 9.15 ലക്ഷം രൂപ

ഭക്ഷ്യസുരക്ഷാ എൻഫോഴ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും വാടക, കരം, നികുതി, എന്നിവയും ഭക്ഷ്യസുരക്ഷാ

കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന തപാൽ സ്റ്റാമ്പ് ഇനത്തിലുള്ള ചെലവ് , സെക്യൂരിറ്റി ജീവനക്കാരുടെ വേതനം എന്നിങ്ങനെയുള്ള മറ്റ് ചെലവുകൾ - മറ്റിനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-06 - 8.5 ലക്ഷം രൂപ

2210-06-102-99-34-3 - 12.9 ലക്ഷം രൂപ

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

GO (Rt.) No. 8809/2022/Fin Dated, Tvpm 26.12.2022 പ്രകാരം ബഡ്ജറ്റ് വിഹിതത്തെ കൂടാതെ 2210-06-102-99-06 ശീർഷകത്തിൽ 17.13 ലക്ഷം രൂപയും 2210-06-102-99-34-3 ശീർഷകത്തിൽ 9.06 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.E1/594/2022-Health Dated 28.05.2024)

## ശിപാർശ

2210-06-107-98-05-2 -ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 24.10 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ , കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ്

ലാബും പ്രവർത്തിച്ച വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗം വർദ്ധിച്ച വരുന്ന സാഹചര്യമാണ്. നടപ്പ സാമ്പത്തിക വർഷം വൈദ്യുത ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 12.4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സർക്കാർ സ്വീകരിച്ച നടപടി**

2210-06-107-98-05-2 വൈദ്യുതി ചെലവ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt)No.8809/2022/Fin dated 26/12/2022 പ്രകാരം 16.61 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

കൂടാതെ 27/03/2023 തീയതിയിലെ G.O.(Rt)No.2673/2023/Fin നമ്പർ ഉത്തരവ് പ്രകാരം ധനപുന:വിനിയോഗം മുഖേനെ 5.35 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ആകെ അധികമായി അനുവദിച്ച തുക 21.96 ലക്ഷം.

(സർക്കാർ കത്ത് നം.E1/594/2022-Health Dated 28.05.2024)

**ശിപാർശ**

2210-06-107-98-05-3 – ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 39,000 രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിനും തടസമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 51,000 രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സർക്കാർ സ്വീകരിച്ച നടപടി**

2210-06-107-98-05-3 ടെലിഫോൺ ചെലവ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt)No.8809/2022/Fin dated 26/12/2022 പ്രകാരം 13,000/- രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

കൂടാതെ 27/03/2023 തീയതിയിലെ G.O.(Rt)No.2673/2023/Fin നമ്പർ ഉത്തരവ് പ്രകാരം ധനപുന:വിനിയോഗം മുഖേനെ 10,000/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ആകെ അധികമായി അനുവദിച്ച തുക 23,000/-

(സർക്കാർ കത്ത് നം.E1/594/2022-Health Dated 28.05.2024)

**ശിപാർശ**

2210-06-107-98-06 - **ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി തിരുവനന്തപുരം - വാടക, കരം, നികുതി**

ബഡ്ജറ്റ് വിഹിതം : 59,000 രൂപ (നോൺ പ്ലാൻ)

പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.31 ലക്ഷം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2210-06-107-98-06 വാടക, കരം, നികുതി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt)No.8105/2022/Fin dated 30/11/2022 പ്രകാരം 6.61 ലക്ഷവും G.O.(Rt)No.8809/2022/Fin dated 26/12/2022 പ്രകാരം 7.30 ലക്ഷവും ഉൾപ്പെടെ മൊത്തം 13.91 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.E1/594/2022-Health Dated 28.05.2024)

<u>ശിപാർശ</u>

2210-80-190-99-36 - <u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് സഹായധനം- സഹായധനം- ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 356.4 കോടി രൂപ (നോൺ പ്ലാൻ)

മരുന്ന് വാങ്ങിയ ഇനത്തിൽ മുൻകാല കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 507.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ബഡ്ജറ്റ് വിഹിതമായി ലഭിച്ച 356.40 കോടി രൂപയ്ക്ക് പുറമേ, മരുന്ന് വിതരണ സ്ഥാപനങ്ങൾക്ക് മുൻകാല കടിശ്ശിക നൽകുന്നതിലേയ്ക്ക് Supplementary Demand for Grant ആയി 278.2577 കോടി രൂപ അധികമായി അനുവദിക്കുകയുണ്ടായി. എന്നാൽ കോർപറേഷന്റെ DDO ആയ മാനേജിംഗ് ഡയറക്ടർ ട്രാൻസ്ഫറായി 21.03.2023 അപരാഹ്നത്തിൽ വിടുതൽ ചെയ്തതിനാൽ പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് നൽകുവാൻ സാധിച്ചില്ല . 29.03.2023-ന് പുതിയ മാനേജിംഗ് ഡയറക്ടർ ചാർജെടുത്തുവെങ്കിലും ട്രഷറി 29.03.2023 മുതൽ സാമ്പത്തിക ഇടപാടുകൾ ക്ലോസ് ചെയ്തതിനാൽ തുക വിനിയോഗിക്കുവാൻ സാധിച്ചില്ല. അനുവദിച്ച് കിട്ടിയ തുക വിനിയോഗിക്കാൻ സാധിക്കാത്തത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും മേലിൽ ഇപ്രകാരമുള്ള അവസ്ഥ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട് എന്നും ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നം.B3/367/2022/ആ.കു.വ. തീയതി 18.11.2023)

**ശിപാർശ**

2210-05-105-52-31 - പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം- സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 42.0726 കോടി രൂപ (നോൺ പ്ലാൻ)

റീജിയണൽ കാൻസർ സെന്ററിലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ബത്തകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 57.9274 കോടി രൂപ ഈ

ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2022-23 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ (ആദ്യ ബാച്ച് SDG: ജൂൺ 2022; അവസാന ബാച്ച് SDG: ഡിസംബർ 2022) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിഭവ ലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ച നൽകാനായില്ല.

(സർക്കാർ കത്ത് നം.Health-FW3/18/2023/Health Dated 23.11.2023)

ശിപാർശ

2210-05-105-52-36 - പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം - സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 23.4935 കോടി രൂപ (നോൺ പ്ലാൻ)

റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 58.8565 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2022-23 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ (ആദ്യ ബാച്ച് SDG:

ജ്ജൂൺ 2022; അവസാന ബാച്ച് SDG ഡിസംബർ 2022) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിഭവ ലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ചു നൽകാനായില്ല.

(സർക്കാർ കത്ത് നം.Health-FW3/18/2023/Health Dated 23.11.2023)

**ശിപാർശ**

2210-05-200-97 - നീണ്ടകരയിലെ ആർ.സി.സി.യുടെ പെരിഫറൽ സെന്ററിന് ധനസഹായം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-97-31 - സഹായധനം-ശമ്പളം- 25.51 ലക്ഷം രൂപ

2210-05-200-97-36 - സഹായധനം-ശമ്പളേതരം- 9.90 ലക്ഷം രൂപ

നീണ്ടകരയിലുള്ള ആർ .സി.സി.യുടെ പെരിഫറൽ സെന്ററിന് പദ്ധതിയേതര ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ് . ആയതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97-31 - 4.49 ലക്ഷം രൂപ

2210-05-200-97-36 - 10.10 ലക്ഷം രൂപ

(ഖണ്ഡിക 39)

**സർക്കാർ സ്വീകരിച്ച നടപടി**

വിഷയ നിർണ്ണയ സമിതി വിവിധ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2022-23 സാമ്പത്തിക വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ (ആദ്യ ബാച്ച് SDG: ജ്ജൂൺ 2022; അവസാന ബാച്ച് SDG: ഡിസംബർ 2022) ഉൾപ്പെടുത്തി അനുവദിക്കണമെന്ന്

ആർ.സി.സി ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിഭവ ലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ച നൽകാനായില്ല.

(സർക്കാർ കത്ത് നം.Health-FW3/18/2023/Health Dated 23.11.2023)

ശിപാർശ

2210-05-200-95 - മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-95-31 - സഹായധനം-ശമ്പളം - 3 കോടി രൂപ

2210-05-200-95-36 - സഹായധനം-ശമ്പളേതരം - 13.51 ലക്ഷം രൂപ

ഇംഹാൻസിലെ വിദ്യാർത്ഥികൾക്ക് 2021-22, 2022-23 എന്നീ വർഷങ്ങളിൽ സ്റ്റൈപ്പന്റ് നൽകുന്നതിനും മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് സെമിനാറുകൾ നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക അപര്യാപ്തമാണ്. ആയതിനാൽ താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-95-31 - 31.56 ലക്ഷം രൂപ

2210-05-200-95-36 - 40.39 ലക്ഷം രൂപ

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം.E1/594/2022-Health Dated 28.05.2024)

**ശിപാർശ**

2210-05-105-50-31 - ശിശുവികസന സെന്റർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.251 കോടി രൂപ (നോൺ പ്ലാൻ)

ശിശുവികസന കേന്ദ്രത്തിൽ ശമ്പളം നൽകുന്നതിനായി, നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 47.43 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സർക്കാർ സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ശിശു വികസന കേന്ദ്രത്തിൽ ശമ്പളം നൽകുന്നതിനായി വാർഷിക ബഡ്ജറ്റിൽ 125.10 കോടി രൂപ (നോൺ പ്ലാൻ) ശീർഷകം 2210-05-105-50-31-ൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചതിൽ മൂന്ന് ഗഡുക്കളായി 77,66,699/- (എഴുപത്തി ഏഴ് ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റൊൻപത് രൂപ) മാത്രം ആണ് ശിശു വികസന കേന്ദ്രത്തിന് നൽകിയത്. കൂടാതെ 2020-21 സാമ്പത്തിക വർഷം മാർച്ച് 31 ന് നോൺ പ്ലാൻ അക്കൗണ്ടിൽ നിന്നും തുക 27,03,999/- (ഇരുപത്തി ഏഴ് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റൊൻപത് രൂപ) തിരിച്ചു പിടിച്ചതും ചേർത്തു ആകെ 1,04,70,698/-(ഒരു കോടി നാല് ലക്ഷത്തി എഴുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ) മാത്രം ആണ് ശിശു വികസന കേന്ദ്രത്തിന് ലഭിച്ചത്. 2022-23 സാമ്പത്തിക വർഷത്തിലും ശിശു വികസന കേന്ദ്രത്തിൽ ശമ്പളം നൽകുന്നതിനായി വാർഷിക ബഡ്ജറ്റിൽ 125.10 കോടി രൂപ (നോൺ പ്ലാൻ )ശീർഷകം 2210-05-105-50-31 ൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചു. അതിൽ മൂന്ന് ഗഡുക്കളായി 1,05,72,806/-(ഒരു കോടി അഞ്ചു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്റി ആറ് രൂപ) മാത്രം

ആണ് ശിശു വികസന കേന്ദ്രത്തിന് ലഭിച്ചത്. തുടർച്ചയായ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചതിലും കുറവായിട്ടാണ് ശിശു വികസന കേന്ദ്രത്തിന് ഫണ്ട് ലഭിച്ചത്. ആയതിനാൽ ജീവനക്കാർക്ക് സമയ ബന്ധിതമായി ശമ്പളവിതരണം ചെയ്യാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് 2022-23 സാമ്പത്തിക വർഷത്തിൽ ശിശു വികസന കേന്ദ്രത്തിനു അധികമായി തുക അനുവദിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ വിഭവ ലഭ്യതയുടെ പരിമിതി മൂലം അധിക തുക അനുവദിച്ചു നൽകാനായില്ല.

(സർക്കാർ കത്ത് നം.Health-FW3/18/2023/Health Dated 23.11.2023)

## ശിപാർശ

2211-00-101-95 - സബ് - സെന്ററുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

ബഡ്ജറ്റ് വിഹിതം : 292.7435 കോടി രൂപ (പ്ലാൻ)

സബ്സെന്ററുകൾക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

## സർക്കാർ സ്വീകരിച്ച നടപടി

2211-00-101-95 പ്ലാൻ ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ സമിതി തീരുമാനിച്ച അധിക തുകയിൽ 70 കോടി രൂപ അനുവദിച്ചു.

(സർക്കാർ കത്ത് നം.Health-FW3/18/2023/Health Dated 23.11.2023)

## അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.**

സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളൊന്നും ഇക്കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

വീണാ ജോർജ്,

ചെയർപേഴ്സൺ,

സബ്ജക്ട് കമ്മിറ്റി XII.

തിരുവനന്തപുരം,

6 ഒക്ടോബർ 2025